പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1658 14.08.2017 ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | കാസർഗോഡ് ജില്ലയിൽ എത്ര കന്നഡ ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസറഗോഡ് ജില്ലയിൽ 20 ഭാഷാന്യൂനപക്ഷ പഞ്ചായത്തുകൾ ഉണ്ട്. അവ വോർക്കാടി, മഞ്ചേശ്വരം, മീഞ്ച, എൻമകജെ, പൈവളികെ, കമ്പള, മംഗൽപാടി, ബദിയഡുക്ക, ബെള്ളൂർ, കുംമ്പഡാജെ, ദേലംപ്പാടി, കാറഡുക്ക, മുളയാർ, മധൂർ, മൊഗ്രാൽ പുത്തൂർ, ചെമ്മനാട്, കുറ്റിക്കോൽ, ബേഡഡുക്ക, ചെങ്കള, പുത്തിഗെ എന്നവയാണ്. |
| (ബി) | സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും മറ്റും കന്നഡഭാഷാ മാധ്യമങ്ങൾക്കു ട്രാൻസ് ലേറ്റ് ചെയ്ത് നൽകുന്നതിന് കലക്ടേറ്റിൽ സംവിധാനം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ വിഷയം ജില്ലാതല ഭാഷാന്യൂനപക്ഷ കമ്മിറ്റി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ടോ; | (സി) യും (ഡി) യും | 17.06.2017 ൽ നടന്ന കാസറഗോഡ് ജില്ലാതല ഭാഷാ ന്യൂനപക്ഷ സമിതിയുടെ യോഗനടപടിക്കുറിപ്പ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തസ്തിക സൃഷ്ടിക്കുന്നതിന് വിശദമായ പ്രൊപ്പോസൽ, വിവര പൊതുജന സമ്പർക്ക വകുപ്പിന് അയച്ചുകൊടുക്കാൻ കാസറഗോഡ് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ കാസർഗോഡ് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ കന്നഡഭാഷാ ട്രാൻസ് ലേറ്ററായി ഒരു ജീവനക്കാരനെ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ